നമ്പർ: LSGD/JD/IDK/375/2026-F2 തിയതി: 30-01-2026

# സിറ്റിസൺ അദാലത്ത്

## ഉപജില്ലാ സമിതി - ഐ വി ഒ I -തൊടുപുഴ,തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി

## ഡോക്കറ്റ് നമ്പർ - TLIDK10592000001 - ഡെയ്സൺ & പ്രിയ ഡെയ്സൺ

**അപേക്ഷ സംഗതി**

തൊടുപുഴ നഗരസഭയിൽ 27ാം വാർഡിൽ ശ്രീ ഡെയ്സൺ & പ്രിയ ഡെയ്സന്റെ ഉടമസ്ഥതയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിന്റെ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്ഥല പരിശോധന നടത്തിയ ശേഷം ഉപജില്ലാ അദാലത്ത് സമിതി-1 21.06.2025 ലെ IVO1/86/2025 നമ്പർ കത്തു മുഖേന നിർദേശം നൽകിയിരുന്നു. പിന്നീട് അപേക്ഷകൻ 03.09.2025 തീയതി 4312753 - 2025 നമ്പരായി ഫുൾ കംപ്ലീഷൻ അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് ടി നിർമ്മാണം KMBR പാലിച്ചിട്ടുണ്ടെന്നും കെട്ടിടത്തിന്റെ ഉയരം ശരാശരി കണക്കാക്കിയിട്ടുള്ളതിൽ ഒരു സ്പഷ്ടീകരണത്തിനു വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉപജില്ലാ അദാലത്ത് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

**അപേക്ഷകന്റെ വിശദീകരണം**

അപേക്ഷകൻ നിലവിൽ പണിതിട്ടുള്ള കെട്ടിടം 19.10.2023 തീയതിയിലെ BA/NO PW289/21-22 നമ്പർ പെർമിറ്റ് പ്രകാരം പണിതിട്ടുള്ള പില്ലറുകൾ ഉൾപ്പെടെ വാങ്ങിയിട്ടുള്ളതാണ് ഇപ്രകാരം ടി പ്ലോട്ടിൽ സെല്ലാർ ഗ്രൌണ്ട് ഫസ്റ്റ്, സെക്കന്റ് എന്നിങ്ങനെ പണിയുന്നതിനാണ് പെർമിറ്റ് അനുവദിച്ചിരുന്നത്. എന്നാൽ ടി കെട്ടിടത്തിന്റെ സൂപ്പർവൈസർ ചാർജ്ജ് ഉണ്ടായിരുന്ന ആർക്കിടെക്ടിന്റെ നിർദേശപ്രകാരം ടി പില്ലറുകളിൽ Span (Pillar to pillar gap) 4 കോൺക്രീറ്റ് റൂഫിംഗ് താങ്ങുന്നതിന് ശേഷിയില്ലാത്തതിനാൽ ഇപ്പോൾ നവീനമായി ഉപയോഗിക്കുന്നതും കൂടുതൽ ഭാരം താങ്ങുന്നതുമായ P T Slab സംവിധാനം റൂഫിന് ഉപയോഗിക്കുകയാണ് ഉണ്ടായത്. ഇപ്രകാരം നാലു നിലകളിലേയ്ക്ക് PT Slab ഉപയോഗിച്ചപ്പോൾ കെട്ടിടത്തിന് 1 0 മീറ്ററിൽ നിന്നും 80 cm വർദ്ധിക്കുകയുണ്ടായി. KMBR പാലിച്ചാണ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടത്തിന്റെ ഉയരം ശരാശരി കണക്കാക്കി നമ്പർ അനുവദിക്കണമെന്ന് സമിതിയോട് അഭ്യർത്ഥിച്ചു.

**സ്ഥല പരിശോധനാ റിപ്പോർട്ട്**

തൊടുപുഴ മുനിസിപ്പാലിറ്റി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവരെ വിളിച്ച്സ്ഥല പരിശോധന നടത്തിയതു പ്രകാരം ഫ്രണ്ട് യാർഡിൽ ഇട്ടിരുന്ന ഫ്ലോർ ടൈൽ പൊളിച്ചു മാറ്റുകയും സൈഡ് യാർഡ് ഹൈറ്റ് പുനക്രമീകരിച്ചും ടൈൽ പൊളിച്ചു നീക്കിയും റാംപ് ലെങ്ത് 1:7 എന്ന തോതിലേയ്ക്കും പരിശോധനാ സമയത്ത് ക്രമീകരിച്ചതായി കാണുന്നു. ആയതുപ്രകാരം കെട്ടിത്തിന്റെ ഉയരം ശരാശരിയായി കണക്കാക്കുമ്പോൾ 1 0 മീറ്ററിൽ താഴെയാണ്. നിലവിൽ കെട്ടിടത്തിന് സെറ്റ് ബാക്ക് ലഭിക്കുന്നവിധത്തിലാണ് ഉള്ളത്. റൂൾ 42 പ്രകാരം P H Ramp front yard ൽ നിർമ്മിച്ചിട്ടുണ്ട്. റാംപ് കഴിഞ്ഞ് സെറ്റ്ബാക്ക് ലഭ്യമായതായി പരിശോധനാ സമയത്ത് കാണുന്നു. പാർക്കിംഗ്, P H Ramp, പാർക്കിംഗ് സെല്ലറിലേയ്ക്കുള്ള റാംപ്, R W H ഫയർ സ്റ്റെയർ, NOC അടക്കമുള്ള അനുബന്ധ സൌകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണം KMBR 2019 നു വിധേയമായിട്ടാണെന്ന് അഭിലാഷ് N R, Third Gr Oversear റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**<u>അദാലത്ത് തീരുമാനം</u>**

ഉപജില്ലാ അദാലത്ത് സമിതി 1 – കൺവീനർ IVO 1 അംഗങ്ങളായ തൊടുപുഴബ്ലോക്ക് ഇളംദേശം ബ്ലോക്ക്,തൊടുപുഴ മുനിസിപ്പാലിറ്റി അസി. എക്സി . എഞ്ചിനീയർമാർ, ഡപ്യൂട്ടി ടൌൺ പ്ലാനർ, അപേക്ഷകൻ, അപേക്ഷകന്റെ ആർക്കിടെക്റ്റ് എന്നിവർ അദാലത്തിൽ ഹാജരായി. നിലവിൽ നിർ മ്മാണം KMBR 2019 നു വിധേയമായിട്ടാണെന്ന് അഭിലാഷ് N R, Third Gr Oversear റിപ്പോർ ട്ട് സമിതി പരിശോധിച്ചു. ആർക്കിടെക്റ്റിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉറപ്പിനു വേണ്ടി ആധുനിക സംവിധാനമായി PT Slab ഉപയോഗിച്ചതിനാലാണ് കെട്ടിടത്തിന്റെ ശരാശരി ഉയരം കണക്കാക്കേണ്ടി വന്നിട്ടുള്ളത് എന്ന അപേക്ഷകന്റെ വാദം സമിതി അംഗീകരിച്ചു. KMBR 2019 പാലിച്ചുകൊണ്ടുള്ള നിർമ്മാണം ആണെന്ന റിപ്പോർട്ട് അംഗീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് അപേക്ഷ പ്രകാരം കെട്ടിടനമ്പർ അനുവദിച്ചു നൽകുന്നതിന് മുനിസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി സമിതി ഐകകണ്ഠ്യേന തീരുമാനിച്ചു.

Signed by
Joseph T F
Date: 30-01-2026 15:39:49

Joseph T F
INTERNAL VIGILANCE OFFICER
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇടുക്കി